**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5240** **04-07-2024 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ മേഖലയിൽ വരുത്തിയ മാറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ വന്നതിനു ശേഷം രജിസ്ട്രേഷൻ മേഖലയിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ വന്നതിനു ശേഷം രജിസ്ട്രേഷൻ മേഖലയിൽ വരുത്തിയ മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.<br>• സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒരു ലക്ഷം രൂപ വരെ മുദ്രവില ആവശ്യമായി വരുന്ന ആധാര രജിസ്ട്രേഷനുകൾക്കുള്ള ഇ-സ്റ്റാമ്പിംഗ് സംവിധാനം 14 സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി.<br>• തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിൽ ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br>• ആധാര കക്ഷികളുടെ വിരൽപ്പതിപ്പും ഫോട്ടോയും ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായത്തോടെ രേഖപ്പെടുത്തി ആധാരങ്ങളുടെ പുറത്തെഴുത്ത് ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കുന്നതിനുള്ള സംവിധാനം 14 സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടന്നു വരുന്നു.<br>• ആധാരത്തിന്റെ സ്വഭാവം അനുസരിച്ചുള്ള ടെംപ്ലേറ്റ് (മാതൃക) സൗകര്യം ഉപയോഗിച്ച് ആധാരങ്ങൾ തയ്യാറാക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സൗകര്യങ്ങൾ ഒരുക്കി വരുന്നു.<br>• രജിസ്ട്രേഷൻ വകുപ്പിൽ ആധാര രജിസ്ട്രേഷനായി ഉപയോഗിക്കുന്ന PEARL (Package for Effective Administration of Registration Laws) എന്ന ഡിജിറ്റൽ |

| | | | |
|---|---|---|---|
| | | | സംവിധാനത്തെ റവന്യൂ സർവ്വെ വകുപ്പുകളുമായി സംയോജിപ്പിച്ചുകൊണ്ട് എല്ലാ സേവനങ്ങൾക്കും ഒരു പോർട്ടൽ (എന്റെ ഭൂമി പോർട്ടൽ) എന്ന ആശയം നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | ഈ സർക്കാർ വന്നശേഷം ഭൂമിയുടെ രജിസ്ട്രേഷൻ ഫീസ് എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (ബി) | ഈ സർക്കാർ വന്നശേഷം ഭൂമിയുടെ രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിച്ചിട്ടില്ല. |
| (സി) | ഫീസ് വർദ്ധനവിലൂടെ കഴിഞ്ഞവർഷം എത്ര തുക അധികമായി സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ; | (സി) | കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഫീസ് വർദ്ധിപ്പിച്ചിട്ടില്ല. |
| (ഡി) | കഴിഞ്ഞ സാമ്പത്തിക വർഷം രജിസ്ട്രേഷനുകളുടെ എണ്ണം മുൻവർഷത്തെക്കാൾ എത്രകണ്ട് കുറവുവന്നുവെന്ന് വിശദമാക്കാമോ? | (ഡി) | 2022-23 സാമ്പത്തികവർഷത്തിൽ 10,36,863 രജിസ്ട്രേഷനുകളും, 2023-24 സാമ്പത്തികവർഷത്തിൽ 8,86,065 രജിസ്ട്രേഷനുകളുമാണ് നടന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ രജിസ്ട്രേഷനുകളുടെ എണ്ണം മുൻവർഷത്തേക്കാൾ 1,50,798 എണ്ണം കുറവായാണ് കാണുന്നത്. |

സെക്ഷൻ ഓഫീസർ